

# റമദ്വാൻ മുതലെടുക്കാം പരലോകത്തേക്ക് വേണ്ടി.


**ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽ ബദർ**

حَفِظَهُ اَللّٰهُ

**ആശയ വിവർത്തനം :**

**അബുൽ വഫ അനസ് അലി ബിൻ അബ്ദിർറഹ്മാൻ**

وَفَّقَهُ اللّٰهُ

**بسم الله الرحمن الرحيم الحمد لله رب العالمين**

**والصلاة والسلام على سيد المرسلين نبينا محمد وعلى آله وصحبه ومن اهتدى بهديه إلى يوم الدين أما بعد،**

അല്ലാഹു ﷻ ചില കാലങ്ങൾക്ക് മറ്റു ചിലതിനേക്കാൾ ശ്രേഷ്ഠത നൽകിയിട്ടുണ്ട്. അപ്രകാരം റമദ്വാൻ മാസത്തിന് അല്ലാഹു മറ്റെല്ലാ മാസങ്ങളെക്കാളും ശ്രേഷ്ഠത നൽകിയിട്ടുണ്ട്. റമദ്വാനിലെ ലൈലത്തുൽ ഖദ്റിന് മറ്റെല്ലാ രാത്രിയെക്കാളും പോരിശ നൽകപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ അറഫാ ദിവസം മറ്റു ദിവസങ്ങളെക്കാളും, വെള്ളിയാഴ്ച്ച ആഴ്ച്ചയിലെ മറ്റ് ദിനങ്ങളെക്കാളും ശ്രേഷ്ഠമാണ്.

അല്ലാഹു പറഞ്ഞു:

**وَرَبُّكَ يَخۡلُقُ مَا يَشَآءُ وَيَخۡتَارُۗ مَا كَانَ لَهُمُ ٱلۡخِيَرَةُۚ سُبۡحَٰنَ ٱللَّهِ وَتَعَٰلَىٰ عَمَّا يُشۡرِكُونَ ٦٨**

**[القصص: 68]**

**നിൻറെ റബ്ബ് അവൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും, അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം ഉന്നതനുമായിരിക്കുന്നു.**

മുസ്‌ലിംകളുടെ മുന്നിലിതാ പരലോകത്തേക്കുള്ള മുതൽ കൂട്ടായി റമദ്വാൻ മാസം ആഗതമായിരിക്കുന്നു. റമദ്വാനിന്റെ പകലുകളിൽ അല്ലാഹു നോമ്പ് നിർബന്ധമാക്കുകയും, റസൂൽ ﷺ ആ രാത്രികളിൽ നിസ്കരിക്കൽ നമുക്ക് സുന്നത്തായി പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു പറഞ്ഞു:

**يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ كُتِبَ عَلَيۡكُمُ ٱلصِّيَامُ كَمَا كُتِبَ عَلَى ٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ١٨٣ [البقرة: 183]**

സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തഖ്‌വയുള്ള വരാകാൻ വേണ്ടിയത്രെ അത്.

أَيَّامًا مَّعۡدُودَٰتٖۚ فَمَن كَانَ مِنكُم مَّرِيضًا أَوۡ عَلَىٰ سَفَرٖ فَعِدَّةٞ مِّنۡ أَيَّامٍ أُخَرَۚ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدۡيَةٞ طَعَامُ مِسۡكِينٖۖ فَمَن تَطَوَّعَ خَيۡرٗا فَهُوَ خَيۡرٞ لَّهُۥۚ وَأَن تَصُومُواْ خَيۡرٞ لَّكُمۡ إِن كُنتُمۡ تَعۡلَمُونَ ١٨٤ [البقرة: 184]

എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.) (ഞെരുങ്ങിക്കൊണ്ട് മാത്രം) അതിന്നു സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന്നുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അതവന്ന് ഗുണകര മാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം.

شَهۡرُ رَمَضَانَ ٱلَّذِيٓ أُنزِلَ فِيهِ ٱلۡقُرۡءَانُ هُدٗى لِّلنَّاسِ وَبَيِّنَٰتٖ مِّنَ ٱلۡهُدَىٰ وَٱلۡفُرۡقَانِۚ فَمَن شَهِدَ مِنكُمُ ٱلشَّهۡرَ فَلۡيَصُمۡهُۖ وَمَن كَانَ مَرِيضًا أَوۡ عَلَىٰ سَفَرٖ فَعِدَّةٞ مِّنۡ أَيَّامٍ أُخَرَۗ يُرِيدُ ٱللَّهُ بِكُمُ ٱلۡيُسۡرَ وَلَا يُرِيدُ بِكُمُ ٱلۡعُسۡرَ وَلِتُكۡمِلُواْ ٱلۡعِدَّةَ وَلِتُكَبِّرُواْ ٱللَّهَ عَلَىٰ مَا هَدَىٰكُمۡ وَلَعَلَّكُمۡ تَشۡكُرُونَ ١٨٥ [البقرة: 185]

ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യ വും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദ്വാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും

എണ്ണം (നോമ്പെടുക്കേണ്ടതാണ്.) നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും, നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നതിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്വം നിങ്ങൾ പ്രകീർത്തിക്കുവാനും, നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്.)

നബി ﷺ യുടെ ഹദീസുകളിൽ പൊതുവായി നോമ്പുകളുടെ ശ്രേഷ്ഠതയും, പ്രത്യേകം റമദ്വാനിന്റെ പോരിശയും വന്നിട്ടുണ്ട്.

അബൂഹുറൈയ്റ رضي الله عنه നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

**كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِمِائَةِ ضِعْفٍ، قَالَ اللَّهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي، وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ، وَطَعَامَهُ مِنْ أَجْلِي، لِلصَّائِمِ فَرْحَتَانِ فَرْحَةٌ عِنْدَ فِطْرِهِ، وَفَرْحَةٌ عِنْدَ لِقَاءِ رَبِّهِ، وَلَخُلُوف فِيهِ أَطْيَبُ عِنْدَ اللَّهِ مِنْ رِيحِ الْمِسْكِ**

"മനുഷ്യന്റെ എല്ലാ കർമങ്ങൾക്കും ഇരട്ടിയായി പ്രതിഫലം നൽകപ്പെടുന്നതാണ്. ഒരു നന്മ പത്തു മുതൽ എഴുന്നൂറ് വരെ ഇരട്ടിയാക്കപ്പെടുന്നതാണ്. അല്ലാഹു പറഞ്ഞു: നോമ്പ് ഒഴികെ, തീർച്ചയായും അത് എനിക്കുള്ളതാണ്. അതിന് ഞാൻ പ്രതിഫലം നൽകും. (കാരണം) അവൻ (നോമ്പുകാരൻ) അവന്റെ ആഗ്രഹങ്ങളും ഭക്ഷണവും എനിക്ക് വേണ്ടി ഉപേക്ഷിക്കുന്നു. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്; നോമ്പ് തുറക്കുമ്പോഴുള്ള സന്തോഷവും, തന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോഴുള്ള സന്തോഷവും. നോമ്പുകാരന്റെ വായിലെ ഗന്ധം അല്ലാഹുവിന്റെ അടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതാണ്."

**رواه البخاري (١٨٩٥)**

എല്ലാ ഇബാദത്തുകളും അല്ലാഹുവിനുള്ളത് തന്നെയാണ്. അതിനെല്ലാം പ്രതിഫലം നൽകുന്നതും അവൻ തന്നെയാണ്. അല്ലാഹു പറഞ്ഞു:

﴿قُلۡ إِنَّ صَلَاتِي وَنُسُكِي وَمَحۡيَايَ وَمَمَاتِي لِلَّهِ رَبِّ ٱلۡعَٰلَمِينَ ١٦٢﴾ [الأنعام: 162]

**പറയുക തീർച്ചയായും എൻറെ നിസ്കാരവും, എൻറെ ബലികർമങ്ങളും, എൻറെ ജീവിതവും, എൻറെ മരണവും ലോകരുടെ റബ്ബായ അല്ലാഹുവിന്നുള്ളതാകുന്നു.**

അതോടൊപ്പം തന്നെ നോമ്പിന്റെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞതിലൂടെ നോമ്പിന്റെ ശ്രേഷ്ഠത നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. നോമ്പ് അടിമയും റബ്ബും തമ്മിലുള്ള രഹസ്യമാണ്. അവനല്ലാതെ അത് ചൂഴ്ന്നറിയുന്നില്ല. ചിലപ്പോൾ ആളുകൾക്ക് മുന്നിൽ നോമ്പുകാരനായ ഒരുവൻ അവന്റെ വീട്ടിൽ വെച്ച് ഭക്ഷണം കഴിക്കുന്നുണ്ടായിരിക്കാം. അത് അല്ലാഹു അല്ലാതെ മറ്റാരും അറിയുന്നില്ല. നോമ്പിന് ഞാൻ പ്രതിഫലം നൽകും എന്ന് അല്ലാഹു പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അവൻ കണക്കില്ലാതെ പ്രതിഫലം നൽകും എന്നതാണ്.

അബൂ ഹുറൈയ്റ ﵁ രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറയുന്നു:

**....فمن كان من أهل الصلاة دعي من باب الصلاة، ومن كان من أهل الجهاد دعي من باب الجهاد، ومن كان من أهل الصيام دعي من باب الريان، ومن كان من أهل الصدقة دعي من باب الصدقة**

**'.... നിസ്കാരം മുറപ്രകാരം നിലനിർത്തുന്നവരെ (സ്വർഗത്തിൽ) സ്വാലാത്ത് എന്ന കവാടത്തിൽ നിന്നും വിളിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തവരെ ജിഹാദ് എന്ന കവാടത്തിലൂടെയും വിളിക്കപ്പെടുന്നതാണ്. ധാരാളമായി നോമ്പനുഷ്ഠിച്ചവരെ റയ്യാൻ എന്ന കവാടത്തിൽ നിന്നും വിളിക്കപ്പെടുന്നതാണ്. ദാനധർമങ്ങളിൽ സജീവരായവരാരോ അവരെ സ്വദഖ എന്ന കവാടത്തിൽ നിന്നും വിളിക്കപ്പെടുന്നതാണ്".**

**[ متفق عليه ]**

സ്വർഗത്തിന്റെ മൂന്ന് കവാടങ്ങൾക്ക് സ്വലാത്ത്, ജിഹാദ്, സ്വദഖ എന്നിങ്ങനെയുള്ള സൽകർമങ്ങളുടെ പേരുകൾ നൽകിയതായിട്ടാണ് ഈ ഹദീസിൽ

വന്നിട്ടുള്ളത്. എന്നാൽ നോമ്പിന് മാത്രമായി ബാബുസ്സ്വിയാം എന്ന് പേര് നൽകാതെ, അതിനെ ബാബുർറയ്യാൻ എന്ന് നാമകരണം ചെയ്യപ്പെട്ടു. (റയ്യാൻ എന്നത് റയ്യ് എന്ന പദത്തിൽ നിന്നുള്ളതാണ്. അതിനർത്ഥം നല്ല ജീവിതാവസ്ഥ, ദാഹമില്ലാത്ത അവസ്ഥ, കുടിച്ച് കുളിർക്കുക എന്നൊക്കെയാണ്.) കാരണം നോമ്പുകാർക്ക് പൂർണമായ ആനന്ദവും, ജലസേചനവും ലഭിക്കുമെന്ന സൂചന അതിലുണ്ട്. കാരണം അവർ അല്ലാഹുവിനായി നോമ്പനുഷ്ഠിച്ച് ദാഹിച്ചവരായിരുന്നു. അതിനാൽ അവർക്ക് കുടിച്ച് കുളിർക്കുന്ന സുഖങ്ങൾ ലഭിക്കുമെന്ന സൂചനയുള്ള ഒരു കവാടത്തിലൂടെ അവരെ സ്വർഗത്തിലേക്ക് പ്രവേശിപ്പിച്ച് കൊണ്ട് അല്ലാഹു അവർക്ക് പ്രതിഫലം നൽകുന്നു.

സഹ്ൽ ബ്നു സഅ്ദ് ﵁ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറയുന്നു:

**إِنَّ فِي الْجَنَّةِ بَابًا يُقَالُ لَهُ الرَّيَّانُ، يَدْخُلُ مِنْهُ الصَّائِمُونَ يَوْمَ الْقِيَامَةِ، لَا يَدْخُلُ مَعَهُمْ أَحَدٌ غَيْرُهُمْ، يُقَالُ أَيْنَ الصَّائِمُونَ؟ فَيَدْخُلُونَ مِنْهُ، فَإِذَا دَخَلَ آخِرُهُمْ أُغْلِقَ، فَلَمْ يَدْخُلْ مِنْهُ أَحَدٌ**

**"സ്വർഗത്തിൽ റയ്യാൻ എന്നൊരു കവാടമുണ്ട്. ഖിയാമത്ത് നാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. അവരല്ലാത്ത ആരും തന്നെ അതിലൂടെ പ്രവേശിക്കുകയില്ല. അവിടെ വിളിക്കപ്പെടും: എവിടെ നോമ്പുകാർ? അപ്പോൾ നോമ്പുകാർ അതിലൂടെ പ്രവേശിക്കും. അങ്ങനെ അവരെല്ലാം പ്രവേശിച്ചാൽ ആ കവാടം അടക്കപ്പെടും."**

**رواه البخاري (١٧٨١)**

മറ്റൊരു ഹദീസിൽ നബി ﷺ പറഞ്ഞു:

**مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ**

**'ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദ്വാനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."**

**رواه البخاري (٣٨)**

ഭാഷയിൽ നോമ്പെന്നാൽ ഒരു കാര്യത്തെ തൊട്ട് പിടിച്ചു വെക്കുക എന്നതാണ് അർത്ഥമാക്കുന്നത്. എന്നാൽ ശറഇൽ പ്രഭാതോദയം മുതൽ അസ്തമനം വരേക്കും ഭക്ഷണത്തിൽ നിന്നും, പാനീയങ്ങളിൽ നിന്നും മറ്റു നോമ്പ് മുറിക്കുന്ന സകല കാര്യങ്ങളിൽ നിന്നും ശരീരത്തെ പിടിച്ചുവെച്ചു കൊണ്ട് അല്ലാഹുവിലേക്ക് അടുക്കുക എന്നതുമാണ് അർത്ഥം. ശറഇയ്യായ അർത്ഥം ഭാഷാർത്ഥത്തിന്റെ ഒരു ഭാഗം തന്നെയാണ്. കാരണം, അത് പ്രത്യേകമായ പിടിച്ചു വെക്കലാകുന്നു. ഭക്ഷണങ്ങളിൽ നിന്നും പാനീയങ്ങളിൽ നിന്നും മറ്റു നോമ്പ് മുറിക്കുന്ന കാര്യങ്ങളിൽ നിന്നും ശരീരത്തെ പിടിച്ചു വെച്ച് നോമ്പനുഷ്ഠിക്കൽ റമദ്വാനിൽ മാത്രമാണ് നിർബന്ധമായിട്ടുള്ളത്. എന്നാൽ ബാക്കിയുള്ള അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നിന്ന് ശരീരത്തെ പിടിച്ചു നിർത്തി നോമ്പനുഷ്ഠിക്കുക എന്നത് മനുഷ്യന്റെ ആയുസ്സ് മുഴുവൻ നിർബന്ധമാകുന്നു. അപ്പോൾ ഒരു മുസ്‌ലിം റമദ്വാനിൽ ഹലാലുകളെ തൊട്ടും ഹറാമുകളെ തൊട്ടും നോമ്പനുഷ്ഠികുന്നു. അവന്റെ ജീവിതം മുഴുവൻ ഹറാമുകളെ തൊട്ടും നോമ്പനുഷ്ഠിക്കുന്നു. അപ്രകാരം അല്ലാഹു അവന് അനുഗ്രഹിച്ചു നൽകിയ കണ്ണും, കാതും, നാവും, കയ്യും, കാലും, ലൈംഗികാവയവവും അല്ലാഹു അനുവദിച്ച മേഖലകളിൽ മാത്രം ഉപയോഗിക്കുന്നു. അല്ലാഹു വിരോധിച്ച മേഖലകളിൽ അത് ഉപയോഗിക്കാതിരിക്കുന്നു. നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ശരീരത്തെ ഉപയോഗിക്കാതിരിക്കുക എന്നതാണ് ഭാഷയിൽ നോമ്പ് എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

അപ്പോൾ കണ്ണിന്റെ കാര്യത്തിൽ നിയമമാക്കപ്പെട്ടിട്ടുള്ളത് അല്ലാഹു അനുവദിച്ച കാര്യങ്ങളിലേക്ക് മാത്രം നോക്കുക എന്നതും, അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളിലേക്ക് നോക്കാതിരിക്കുക എന്നതുമാണ്. അത് കണ്ണിന്റെ നോമ്പുമാകുന്നു. ഇതിന്റെ വിധിയാകട്ടെ എപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമാണ്. ഇത് പോലെതന്നെയാണ് കാതിന്റെയും, നാവിന്റെയും മറ്റെല്ലാ അവയവങ്ങളുടെയും കാര്യം. അവയെല്ലാം അല്ലാഹു അനുവദിച്ച മേഖലകളിൽ ഉപയോഗിക്കുക. അവൻ വിലക്കിയ മേഖലകളിൽ അത് ഉപയോഗിക്കാതെ അവയവങ്ങൾക്ക് നോമ്പേർപ്പെടുത്തുക. അത് ജീവിതം മുഴുവൻ തുടരുക.

ഈ അനുഗ്രഹങ്ങൾക്ക് ആരാണോ നന്ദി കാണിക്കുകയും, അല്ലാഹു കൽപ്പിച്ചത് പ്രകാരം അത് ഉപയോഗിക്കുകയും ചെയ്യുന്നത് അവന് വമ്പിച്ച

പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. മാത്രമല്ല ഈ അനുഗ്രഹങ്ങളെ സംരക്ഷിക്കാതെ അല്ലാഹുവിന്റെ ശത്രുവും മനുഷ്യരുടെ ശത്രുവുമായ പിശാചിന് തൃപ്തിയുണ്ടാക്കുന്ന രീതിയിലും, റബ്ബിന് തൃപ്തിയില്ലാത്തതും, അവന് കോപമുണ്ടാക്കുന്നതുമായ രൂപത്തിൽ അവയെ ഉപയോഗിക്കുകയും ചെയ്യുന്നവന് അല്ലാഹു അവന്റെ ശിക്ഷയുണ്ടെന്ന് ശക്തമായി താക്കീത് നൽകുകയും, അവന്റെ അവയവങ്ങളുടെ കാര്യത്തിൽ നാളെ പരലോകത്ത് അവൻ ചോദ്യം ചെയ്യപ്പെടുമെന്നും അല്ലാഹു അറിയിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറഞ്ഞു:

**وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَٰٓئِكَ كَانَ عَنْهُ مَسْـُٔولًا ٣٦**

[الإسراء: 36]

**നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിൻറെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.**

മറ്റൊരു ആയത്തിൽ കാണാം:

**ٱلْيَوْمَ نَخْتِمُ عَلَىٰٓ أَفْوَٰهِهِمْ وَتُكَلِّمُنَآ أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم بِمَا كَانُوا۟ يَكْسِبُونَ ٦٥** [يس: 65]

**ആ ദിവസം, അവരുടെ വായകളിൽ നാം മുദ്രവെക്കുന്നതാണ്; അവരുടെ കൈകൾ നമ്മോടു സംസാരിക്കുകയും, അവരുടെ കാലുകൾ അവർ ചെയ്തുകൂട്ടിയിരുന്നതിനെപറ്റി സാക്ഷി പറയുകയും ചെയ്യും.**

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

**وَيَوْمَ يُحْشَرُ أَعْدَآءُ ٱللَّهِ إِلَى ٱلنَّارِ فَهُمْ يُوزَعُونَ ١٩** [فصلت: 19]

**അല്ലാഹുവിൻറെ ശത്രുക്കളെ നരകത്തിലേക്ക് പോകാനായി വിളിച്ചുകൂട്ടുകയും, എന്നിട്ടവരെ തെളിച്ചുകൂട്ടി കൊണ്ടുപോകുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു.)**

حَتَّىٰٓ إِذَا مَا جَآءُوهَا شَهِدَ عَلَيۡهِمۡ سَمۡعُهُمۡ وَأَبۡصَٰرُهُمۡ وَجُلُودُهُم بِمَا كَانُواْ يَعۡمَلُونَ ٢٠

[فصلت: 20]

**അങ്ങനെ അവര്‍ അവിടെ ചെന്നാല്‍ അവരുടെ കാതും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവര്‍ക്കെതിരായി അവര്‍ പ്രവര്‍ത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്**

وَقَالُواْ لِجُلُودِهِمۡ لِمَ شَهِدتُّمۡ عَلَيۡنَاۖ قَالُوٓاْ أَنطَقَنَا ٱللَّهُ ٱلَّذِيٓ أَنطَقَ كُلَّ شَيۡءٖۚ وَهُوَ خَلَقَكُمۡ أَوَّلَ مَرَّةٖ وَإِلَيۡهِ تُرۡجَعُونَ ٢١ [فصلت: 21]

**തങ്ങളുടെ തൊലികളോട് അവര്‍ പറയും: നിങ്ങളെന്തിനാണ് ഞങ്ങള്‍ക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ (തൊലികള്‍) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവന്‍ തന്നെയാണ്. അവങ്കലേക്കുതന്നെ നിങ്ങള്‍ മടക്കപ്പെടുകയും ചെയ്യുന്നു.**

നബി ﷺ മുആദ് رضي الله عنه വിന് നല്‍കിയ ഉപദേശങ്ങള്‍ അടങ്ങിയ ഒരു ഹദീസില്‍ അവിടുന്ന് ﷺ അദ്ദേഹത്തോട് ഇപ്രകാരം ചോദിക്കുന്നുണ്ട്:

**يا نبي الله، وإنا لمؤاخذون بما نتكلم به؟ فقال: ألا أخبرك بملاك ذلك كله؟ قلت: بلى يا نبي الله. فأخذ بلسانه وقال: كف عليك هذا فقلت: ثكلتك أمك يا معاذ، وهل يكب الناس في النار على وجوههم - أو على مناخرهم- إن حصائد ألسنتهم.**

**"അല്ലയോ മുആദ്, ഈ കാര്യങ്ങളുടെയെല്ലാം പൂര്‍ത്തീകരണത്തെ കുറിച്ച് ഞാന്‍ നിനക്ക് അറിയിച്ചു തരട്ടയോ? അദ്ദേഹം പറഞ്ഞു: അതെ റസൂലേ. അപ്പോള്‍ അവിടുന്ന് ? തന്റെ നാവ് പിടിക്കുകയും, എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്തു: നീ ഇതിനെ പിടിച്ചു വെക്കുക. അപ്പോള്‍ അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഞങ്ങള്‍ സംസാരിച്ചതിന്റെ പേരില്‍ ഞങ്ങള്‍ ശിക്ഷിക്കപ്പെടുമോ?!. അപ്പോള്‍ അവിടുന്ന് ﷺ പറഞ്ഞു: ജനങ്ങള്‍ നരകത്തിലേക്ക് അവരുടെ മുഖം കുത്തി വീഴുന്നത്**

**അവരുടെ നാവുകൾ കൊയ്തെടുത്തതു കൊണ്ടല്ലാതെ മറ്റൊന്നുമല്ല!."**

**الترمذي (2616)**

സഹ്ൽ ബ്നു സഅ്ദ് ﵁ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

**من يضمن لي ما بين لحييه وما بين رجليه أضمن له الجنة**

**"രണ്ട് താടിയെല്ലുകൾക്കിടയിലുള്ള (നാവിനെയും), രണ്ട് തുടകൾക്കിടയിലുള്ള (ലൈംഗികാവയവത്തെയും) സൂക്ഷിക്കാമെന്ന് എനിക്കാരെങ്കിലും ഉറപ്പ് തന്നാൽ അവന് സ്വർഗമുണ്ടെന്ന് ഞാനും ഉറപ്പ് നൽകുന്നതാണ്."**

**رواه البخاري (٦٤٧٤)**

മറ്റൊരു ഹദീസിൽ നബി ﷺ പറഞ്ഞു:

**مَنْ وَقَاهُ اللَّهُ شَرَّ مَا بَيْنَ لَحْيَيْهِ وَشَرَّ مَا بَيْنَ رِجْلَيْهِ دَخَلَ الْجَنَّةَ**

**"രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതിന്റെയും, രണ്ട് തുടകൾക്കിടയിലുള്ളതിന്റെയും തിന്മയിൽനിന്ന് അല്ലാഹു ആരെയാണോ സംരക്ഷിക്കുന്നത് അവൻ സ്വർഗത്തിൽ പ്രവേശിച്ചു." (അഥവാ നാവും ലൈംഗികാവയവവുമാണ് ഉദ്ദേശ്യം.)**

**الترمذي (2409)**

നബി ﷺ പറഞ്ഞു:

**ومن كان يؤمن بالله واليوم الآخر فليقل خيرا أوليصمت**

**"ആര് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവോ അവൻ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."**

**رواه مسلم**

ഒരിക്കൽ അബൂമൂസാ ﷺ നബി ﷺ യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഏറ്റവും ശ്രേഷ്ഠനായ മുസ്‌ലിമാരാണ്? അവിടുന്ന് ﷺ പറഞ്ഞു: "ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നുമാണോ മറ്റു മുസ്‌ലിംകൾ സുരക്ഷതിരാകുന്നത് അവനാകുന്നു ഏറ്റവും ശ്രേഷ്ഠനായ മുസ്‌ലിം"

رواه مسلم

ഇമാം ഇബ്നു ഹജർ അൽഅസ്ഖലാനി رحمه الله ഈ ഹദീസിനെ വിശദീകരിക്കവെ പറഞ്ഞു:

"ഈ ഹദീസ് കൈയ്യിന് പുറമെ നാവിന്റെ കാര്യത്തിലും പൊതുവായ ഹദീസാണ്. കാരണം നാവുകൊണ്ട് കഴിഞ്ഞു പോയവരെ കുറിച്ചും, നിലവിലുള്ളവരെ കുറിച്ചും ഇനിയുള്ളവരെ കുറിച്ചും പറയുവാൻ സാധിക്കും. എന്നാൽ കൈയ്യിന്റെ കാര്യം അങ്ങനെയല്ലല്ലോ. കൈ കൊണ്ട് എഴുതുമ്പോൾ കൈയ്യും നാവും ആ പ്രവർത്തനത്തിൽ പങ്കു ചേരുന്നുണ്ട്. അതിന്റെ സ്വാധീനം തീർത്തും ഗുരുതരമാണ്."

فتح الباري (٥٤/١)

നബി ﷺ പറഞ്ഞു:

**إن المفلس من أمتي من يأتي يوم القيامة بصلاة وصيام وزكاة، ويأتي وقد شَتَمَ هذا، وقذف هذا، وأكل مال هذا، وسَفَكَ دم هذا، وضرب هذا، فيعطى هذا من حسناته، وهذا من حسناته، فإن فنيت حسناته قبل أن يُقْضَى. ما عليه، أخذ من خطاياهم فَطُرِحتْ عليه، ثم طُرِحَ في النار**

'എന്റെ ഉമ്മത്തിലെ പാപ്പരായ ആളുകൾ അവർ നാളെ പരലോകത്ത് ഒരുപാട് നിസ്കാരവും, നോമ്പും, സകാത്തുമായി വരുന്നതാണ്. പക്ഷെ അവൻ ഒരുവനെ ചീത്ത പറഞ്ഞിട്ടുണ്ട്, മറ്റൊരുവനെ മോശം ആരോപിച്ചിട്ടുണ്ട്, മറ്റൊരുവന്റെ സമ്പത്ത് അന്യായമായി ഭക്ഷിച്ചിട്ടുണ്ട്, രക്തം ചിന്തിയിട്ടുണ്ട്, പ്രഹരിച്ചിട്ടുണ്ട്. അങ്ങനെ അവന്റെ നന്മകൾ താൻ ഉപദ്രവിച്ചവർക്ക് നൽകപ്പെടുകയും, അവന്റെ നന്മകൾ തീർന്നുകഴിഞ്ഞാൽ താൻ ഉപദ്രവിച്ചവരുടെ തിന്മകൾ അവന്റെ മേൽ

**ചാർത്തപ്പെടുകയും, തുടർന്ന് നരകത്തിലേക്ക് അവൻ വലിച്ചെറിയപ്പെടുകയും ചെയ്യുന്നതാണ്."**

**رواه مسلم (٦٥٧٩)**

നബി ﷺ പറഞ്ഞു:

**حُجِبَتِ النَّارُ بِالشَّهَوَاتِ، وَحُجِبَتِ الجَنَّةُ بِالمَكَارِهِ**

**"നരകം ദേഹേച്ഛകൾ കൊണ്ട് പൊതിയപ്പെട്ടിരിക്കുന്നു. സ്വർഗം പ്രയാസകരമായ കാര്യങ്ങൾ കൊണ്ടും പൊതിയപ്പെട്ടിരിക്കുന്നു."**

**رواه البخاري (٦٤٧٨)**

ചുരുക്കത്തിൽ; അല്ലാഹു എല്ലാ അടിമകളുടെ മേലും അവന്റെ നാവും, ലൈംഗികാവയവവും, കേൾവിയും, കൈയ്യും, കാലുമെല്ലാം ഹറാമുകളിൽ നിന്ന് കാത്തു സൂക്ഷിക്കുവാൻ കൽപിച്ചിരിക്കുന്നു. അതിനെയാണ് ഭാഷാപരമായി നോമ്പ് എന്ന് പറയുക. ഈ (അർത്ഥത്തിലുള്ള) നോമ്പ് ഒരു പ്രത്യേക സമയത്ത് മാത്രം ബാധകമായ കാര്യമല്ല. മറിച്ച് അല്ലാഹുവിനെ അനുസരിച്ച് കൊണ്ട് അവന്റെ തൃപ്തിയാൽ വിജയം വരിക്കാനും, അവന്റെ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷ നേടുന്നതിന് വേണ്ടിയും മരണം വരെ തുടരേണ്ടതുമാണ്.

# റമദ്വാനിലെ രാത്രി നിസ്കാരം

പള്ളികളിൽ വെച്ച് റമദ്വാനിൽ രാത്രി നിസ്കാരം ജമാഅത്തായി നിർവ്വഹിക്കൽ നബി ﷺ പഠിപ്പിച്ച സുന്നത്താകുന്നു. അവിടുന്ന് സ്വഹാബികളുമായി റമദ്വാനിലെ ചില രാത്രികളിൽ അത് നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ തന്റെ ഉമ്മത്തിന് റമദ്വാനിലെ ജമാഅത്തായുള്ള രാത്രി നിസ്കാരം നിർബന്ധമാക്കപ്പെടുമോ എന്ന ഭയത്താൽ ബാക്കിയുള്ള രാത്രികളിൽ അത് തുടർന്നില്ല. നബി ﷺ വഫാത്തായി, എന്നാൽ ആ നിസ്കാരം നിർബന്ധമാക്കിയില്ല. പക്ഷെ നബി ﷺ സ്വഹാബികളുമായി ചില രാത്രി കളിൽ നിസ്കരിച്ചത് കൊണ്ട് തന്നെ അത് സുന്നത്തായി നിലനിൽക്കുന്നു. ശേഷം ഉമറുബ്നുൽ ഖത്ത്വാബ് رضي الله عنه വിന്റെ ഭരണ കാലത്ത് അദ്ദേഹം തറാവീഹ് നിസ്കാര ത്തിന് വേണ്ടി ഒരു ഇമാമിന്റെ കീഴിൽ ജനങ്ങളെ ഒരുമിച്ചു കൂട്ടിയിട്ടുണ്ട്.

ആഇശ رضي الله عنها പറഞ്ഞു:

**أنَّ النَّبيَّ ﷺ صلَّى في المسجِدِ فصَلَّى بصلاتِه ناسٌ، ثمَّ صلَّى من القابلةِ، فكَثُرَ النَّاسُ، ثمَّ اجتَمَعوا من الليلةِ الثَّالثةِ، فلم يخرُجْ إليهم رسولُ اللهِ ﷺ، فلمَّا أصبح قال: قد رأيتُ الذي صنعْتُم فلم يمنَعْني من الخروجِ إليكم إلَّا أنِّي خَشِيتُ أن تُفرَضَ عليكم، وذلك في رَمَضانَ**

**"ഒരിക്കൽ റമദ്വാനിൽ നബി ﷺ പള്ളിയിൽ വെച്ച് രാത്രി നിസ്കാരം നിർവഹിച്ചു. അവിടുത്തോടൊപ്പം കുറച്ചാളുകളും ഉണ്ടായിരുന്നു. അടുത്ത ദിവസം നിസ്കരി ച്ചപ്പോൾ നിസ്കാരത്തിനായി ആളുകൾ വർദ്ധിച്ചു. മൂന്നാമത്തെയോ, നാലാമത്തെയോ രാത്രിയിൽ ജനങ്ങളെല്ലാം നിസ്കാരത്തിനു വേണ്ടി ഒത്തുകൂടി. എന്നാൽ നബി ﷺ വന്നില്ല. നേരം പുലർന്നപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങളെല്ലാം നിസ്കാരത്തിനു വേ ണ്ടി ഒത്തുകൂടിയത് കണ്ടിട്ടും നിങ്ങളിലേക്ക് വരാൻ എനിക്ക് തടസ്സമായത് നിങ്ങൾക്ക് മേൽ ഈ നിസ്കാരം നിർബന്ധമാക്കപ്പെടും എന്ന ഭയമല്ലാതെ മറ്റൊന്നുമല്ല."**

**رواه مسلم (١٧٨٣)**

അബൂ ഹുറൈറ്റ ﵁ പറയുന്നു:

**كانَ رَسولُ اللهِ ﷺ يُرَغِّبُ في قِيَامِ رَمَضَانَ مِن غيرِ أَنْ يَأْمُرَهُمْ فيه بعَزِيمَةٍ، فيَقولُ: مَن قَامَ رَمَضَانَ إيمَانًا وَاحْتِسَابًا، غُفِرَ له ما تَقَدَّمَ مِن ذَنْبِهِ**

**"നബി ﷺ നിർബന്ധത്തോടു കൂടി കൽപ്പിക്കാതെ റമദ്വാനിലെ രാത്രി നിസ്കാരത്തിന് വേണ്ടി പ്രേരിപ്പിക്കുമായിരുന്നു. അവിടുന്ന് പറയും: ആരാണോ പ്രതിഫലേച്ഛയോടെയും വിശ്വാസത്തോടെയും റമദ്വാനിൽ (രാത്രി) നിന്ന് നിസ്കരിക്കുന്നത് അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."**

**رواه مسلم (١٧٨٠)**

രാത്രികളിൽ ഏറ്റവും ശ്രേഷ്ഠമായ രാത്രി ലൈലത്തുൽ ഖദ്റാണ്. അത് റമദ്വാനിലെ അവസാന പത്തിലാണ്. ആ പത്ത് ദിനങ്ങളിൽ നബി ﷺ കൂടുതൽ ആരാധനാകർമങ്ങളിൽ പരിശ്രമിച്ചിരുന്നു.

അല്ലാഹു പറഞ്ഞു:

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةِ ٱلۡقَدۡرِ ① [القدر: 1]

**തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിൻറെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.**

وَمَآ أَدۡرَىٰكَ مَا لَيۡلَةُ ٱلۡقَدۡرِ ② [القدر: 2]

**നിർണയത്തിൻറെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ?**

لَيۡلَةُ ٱلۡقَدۡرِ خَيۡرٌ مِّنۡ أَلۡفِ شَهۡرٍ ③ [القدر: 3]

**നിർണയത്തിൻറെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.**

تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ ۝٤ [القدر: 4]

**മലക്കുകളും റൂഹും [ അഥവാ ജിബ്‌രീലും] അവരുടെ റബ്ബിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു.**

سَلَٰمٌ هِيَ حَتَّىٰ مَطْلَعِ ٱلْفَجْرِ ۝٥ [القدر: 5]

**പ്രഭാതോദയം വരെ അത് സമാധാനമത്രെ.**

അബൂ ഹുറൈയ്റ ﵁ രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറയുന്നു:

**من قام رمضان إيمانا واحتسابا غفر له ما تقدم من ذنبه**

**ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദ്വാനിൽ (രാത്രി) നിസ്കരിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും**

**متفق عليه**

മറ്റൊരു ഹദീസിൽ ആഇഷ ﵂ പറഞ്ഞു:

**كانَ رسُولُ اللَّهِ ﷺ يُجاوِرُ فِي العَشْرِ الأَوَاخِرِ مِنْ رمضَانَ، ويقُول: "تحَرَّوْا لَيْلَةَ القَدْرِ فِي العشْرِ الأَوَاخِرِ مِنْ رَمَضانَ"**

**"നബി ﷺ റമദ്വാനിലെ അവസാന പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്ന് പറയാറുണ്ടായിന്നു: ലൈലത്തുൽ ഖദ്റിനെ നിങ്ങൾ റമദ്വാനിലെ അവസാന പത്തിൽ പ്രതീക്ഷിച്ചു കൊള്ളുക."**

**متفقٌ عَلَيْهِ**

നബി ﷺ പറഞ്ഞതായി അബ്ദുല്ലാഹ് ബ്നു ഉമർ رضي الله عنه നിവേദനം ചെയ്യുന്നു:

**مَنْ كَانَ مُلْتَمِسَهَا، فَلْيَلْتَمِسْهَا فِي الْعَشْرِ الْأَوَاخِرِ**

**"ആരെങ്കിലും ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അവൻ അവസാന പത്തിൽ അതിനെ പ്രതീക്ഷിച്ച് കൊള്ളട്ടെ."**

**رواه مسلم (٢٧٦٦)**

ആഇഷ رضي الله عنها പറഞ്ഞു:

**كانَ النبيُّ ﷺ إذَا دَخَلَ العَشْرُ شَدَّ مِئْزَرَهُ، وأَحْيَا لَيْلَهُ، وأَيْقَظَ أهْلَهُ**

**"റമദ്വാനിലെ അവസാന പത്ത് ആഗതമായാൽ നബി ﷺ അവിടുത്തെ അരമുണ്ട് മുറുക്കി ഉടുക്കുകയും, രാത്രികൾ ജീവിപ്പിക്കുയും, തന്റെ കുടുംബത്തെ വിളിച്ചുണർത്തുകയും ചെയ്യാറുണ്ടായിരുന്നു."**

**رواه البخاري (٢٠٢٤)**

രാത്രി നിസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ നബി ﷺ പ്രത്യേകിച്ച് ഒരു പരിധിയും നിർണ്ണയിച്ചിട്ടില്ല. തെളിവുകളെല്ലാം ഈ വിഷയത്തിൽ വിശാലതയുണ്ട് എന്നറിയിക്കുന്നതാണ്. അവിടുന്ന് ﷺ പറഞ്ഞു:

**صلاة الليل مثنى مثنى، فإذا خشي أحدكم الصبح صلى ركعة واحدة توتر له ما قد صلى**

**"രാത്രി നിസ്കാരം ഈരണ്ട് റക്അത്തുകൾ വീതമാണ്. ഇനി നിങ്ങളിലാരെങ്കിലും സുബ്ഹ് ആകുമെന്ന് ഭയന്നാൽ ഒരു റക്അത്ത് നിസ്കരിച്ചു കൊണ്ട് ഒറ്റയാക്കികൊള്ളുക."**

**رواه البخاري (٩٩٠)**

നബി ﷺ യുടെ പ്രവൃത്തിയായി ആഇഷ ؓ പറഞ്ഞു:

**مَا كَانَ رَسُولُ اللَّهِ ﷺ يَزِيدُ فِي رَمَضَانَ وَلَا فِي غَيْرِهِ عَلَى إِحْدَى عَشْرَةَ رَكْعَةً**

**"നബി ﷺ റമദ്വാനിലാകട്ടെ അതല്ലാത്ത മാസങ്ങളിലാകട്ടെ രാത്രി നിസ്കാരം പതിനൊന്ന് റക്അത്തിൽ വർദ്ധിപ്പിക്കാറുണ്ടായിരുന്നില്ല."**

**رواه البخاري (١١٤٧)**

ഇബ്നു അബ്ബാസ് ؓ വിൽ നിന്നുള്ള ഒരു ഹദീസിൽ അദ്ദേഹം തന്റെ മാതൃസഹോദരിയുടെ വീട്ടിൽ താമസിച്ച സംഭവം വിവരിക്കുമ്പോൾ നബി ﷺ യുടെ രാത്രി നിസ്കാരത്തെ വീക്ഷിച്ച് അതിനെ കുറിച്ച് പറയുന്നത് കാണാം:

**'അവിടുന്ന് പതിമൂന്ന് റക്അത്ത് നിസ്കരിച്ചു. എല്ലാ രണ്ട് റക്അത്തിലും സലാം വീട്ടുകയും, ഒന്ന് കൊണ്ട് ഒറ്റയാക്കുകയും ചെയ്തു."**

**رواه مسلم (١٧٢٣)**

നബി ﷺ യുടെ ഈ പ്രവൃത്തി അതിൽ വർദ്ധിപ്പിക്കാൻ പാടില്ല എന്ന് അറിയിക്കുന്നില്ല. എന്നാൽ അവിടുന്ന് എന്താണോ പ്രവൃത്തിച്ചത് അതാണ് ഏറ്റവും ഉത്തമം എന്ന് മാത്രമാണ് അതിനർത്ഥം. റക്അത്തുകളുടെ എണ്ണത്തിനോടൊപ്പം അവിടുത്തെ നിസ്കാരത്തിന്റെ തനതായ രൂപവും സ്വീകരിക്കപ്പെടേണ്ടതുണ്ട്. സുജൂദും, റുകൂഉം, ഖുർആൻ പാരായണവുമെല്ലാം വളരെ ദൈർഘ്യമുള്ളതായിരുന്നു നബി ﷺ യുടെ നിസ്കാരം.

ഇനി ഒരുവൻ നബി ﷺ യുടെ നിസ്കാരത്തേക്കാൾ വർദ്ധിപ്പിച്ചു നിസ്കരിക്കുന്ന ഇമാമിന്റെ കീഴിൽ നിസ്കരിക്കുകയാണെങ്കിൽ ആ ഇമാം വിരമിക്കുന്നതിന് മുമ്പായി അവൻ വിരമിക്കുവാൻ പാടുള്ളതല്ല. നബി ﷺ പറഞ്ഞു:

**إنه من قام مع الإمامِ حتى ينصرفَ كتب اللهُ له قيامَ ليلةٍ**

**"തീർച്ചയായും, ആരാണോ ഇമാമിനോടൊപ്പം അദ്ദേഹം വിരമിക്കുന്നത് വരെ നിസ്കരിക്കുന്നത് അവന് ഒരു രാത്രി മുഴുവൻ നിസ്കരിച്ച പ്രതിഫലം രേഖപ്പെടുത്തപ്പെടുന്നതാണ്."**

**رواه الترمذي (٨٠٦)**

സഹോദരങ്ങളെ, നമ്മുടെ മുമ്പിൽ എത്തി നിൽക്കുന്ന ഈ അവസരം പരലോകത്തേക്ക് വേണ്ടിയുള്ള ഒരു സുവർണ്ണാവസരം തന്നെയാണ്. ഒരോ മുസ്ലിമും ദൃഢനിശ്ചയത്തോടെ ഒരുങ്ങുകയും, ആദ്യം മുതൽ അവസാനം വരെ പാപങ്ങൾ പൊറുക്കപ്പെടുന്ന, പദവികൾ ഉയർത്തപ്പെടുന്ന സൽകർമങ്ങൾ കൊണ്ട് ഈ മാസത്തെ സജീവമാക്കുകയും ചെയ്യേണ്ടതുണ്ട്.

## <u>ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക;</u>

**1–** നോമ്പിനെ മോശമാക്കുകയും, അതിന്റെ പ്രതിഫലത്തിൽ കുറവ് വരുത്തുന്നതുമായ എല്ലാ കാര്യങ്ങളേയു നാം സൂക്ഷിക്കുക.

**2–** മസ്ജിദുകളിലെ ഇമാമുമാർക്കൊപ്പം രാത്രി നിസ്കാരം പതിവായി നിർവ്വഹിക്കുക. വീടുകളിൽ വെച്ച് നിസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ് പള്ളിയിൽ വെച്ചുളള നിസ്കാരം. കാരണം അത് നിയമമാക്കപ്പെട്ടിട്ടുള്ളത് ജമാഅത്തായി നിർവ്വഹിക്കുന്നതിനാണ്. മാത്രമല്ല, ഒരു രാത്രി പൂർണ്ണമായി നിസ്കരിച്ച പ്രതിഫലം ലഭിക്കാൻ ഇമാം വിരമിക്കുന്നതിന് മുമ്പ് വിരമിക്കുകയുമരുത്.

**3–** നബി ﷺ യെ അനുദാവനം ചെയ്തു കൊണ്ട് ധാരാളം നന്മയും, ഔദാര്യവും ചെയ്യാൻ പരിശ്രമിക്കേണ്ടതുണ്ട്.

ഇബ്നു അബ്ബാസ് ﵄ പറഞ്ഞു:

**كَانَ رَسُولُ اللَّهِ ﷺ أَجْوَدَ النَّاسِ، وَكَانَ أَجْوَدُ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ، وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ، فَيُدَارِسُهُ الْقُرْآنَ، فَلَرَسُولُ اللَّهِ ﷺ أَجْوَدُ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ**

**'നബി ﷺ ജനങ്ങളിൽ ഏറ്റവും ഔദാര്യവാനായിരുന്നു. റമദ്വാനിൽ ജിബ്‌രീൽ عَلَيْهِ السَّلَام അവിടുത്തെ കണ്ടുമുട്ടുമ്പോഴാണ് അവിടുന്ന് ഏറ്റവും കൂടുതൽ ഉദാരത കാണിക്കാറുള്ളത്. ജിബ്‌രീൽ عَلَيْهِ السَّلَام ആകട്ടെ റമദ്വാനിലെ എല്ലാ രാത്രിയിലും അവിടുത്തെ കണ്ടുമുട്ടുകയും, ഖുർആൻ പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. തീർച്ചയായും നബി ﷺ (നന്മയുടെ കാര്യത്തിൽ) അടിച്ചു വീശുന്ന കാറ്റിനേക്കാൾ ഉദാരനായിരുന്നു."**

**رواه البخاري**

4– ഖുർആനിന്റെ ആശയം ഉറ്റാലോചിച്ചു കൊണ്ടുള്ള പരായണം അധികരിപ്പിക്കുക.

5– ഈ അവസരത്തിൽ പാപമോചന മർഗങ്ങളെല്ലാം പരമാവധി സ്വീകരിക്കുക. ഈ മാസത്തിൽ പാപങ്ങൾ പൊറുക്കപ്പെടാതിരിക്കുന്നതിനെ കരുതിയിരിക്കുക.

അബൂ ഹുറൈയ്റ ﵁ നിവേദനം ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

**ورَغِمَ أنفُ رجلٍ دخل عليه رمضانُ، ثم انسلخ قبل أن يُغْفَرَ له**

**"റമദ്വാനിൽ പ്രവേശിക്കുകയും, തന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതിന് മുമ്പ് റമദ്വാൻ അവസാനിക്കുകയും ചെയ്ത ഒരുവന്റെ മൂക്ക് മണ്ണിൽ പതിക്കട്ടെ." (അഥവാ അവൻ നിന്ദ്യനാകട്ടെ)**

**رواه الترمذي (٣٥٤٥)**

**6–** റമദ്വാനിന്റെ രാവുകളിൽ കളിയിലും. വിനോദങ്ങളിലും മുഴുകുന്നതിനെ സൂക്ഷിക്കുക. പ്രത്യേകിച്ച് റമദ്വാനിന്റെ രാത്രിയിൽ വർദ്ധിച്ചുവരുന്ന ടെലിവിഷൻ പ്രോഗ്രാമുകൾ, സിനിമ സീരിയലുകൾ പോലുള്ളവയെ ബഹിഷ്ക്കരിക്കുക.

**7–** റമദ്വാനിലെ അവസാന പത്ത് ദിവസങ്ങൾ മുഴുവനായും ഇബാദത്തുകൾ കൊണ്ട് സജീവമാക്കാൻ പരമാവധി  പരിശ്രമിക്കുക. കാരണം, ആയിരം മാസങ്ങളെക്കാൾ ശ്രേഷ്ഠമായ ലൈലതുൽ ഖദ്ർ അവസാന പത്തിലാണ്. നബി ﷺ യുടെ കാലത്ത് ഒരിക്കൽ റമദ്വാൻ 21 നാണ് ലൈലതുൽ ഖദ്ർ സംഭവിച്ചതെന്ന് സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ട് വന്നിട്ടുമുണ്ട്.

**8–** ഒരു മുസ്‌ലിം റമദ്വാനിലെ നോമ്പിന്റെ കാര്യത്തിൽ ശ്രദ്ധ കാണിക്കുന്നത് പോലെ എന്തുകൊണ്ടും അഞ്ച് നേരത്തെ നിർബന്ധ നിസ്കാരം കൃത്യസമയത്ത് നിർവ്വഹിക്കാൻ നന്നായി  ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, അത് ഒരടിമക്കും അവന്റെ റബ്ബിനുമിടയിലുള്ള ബലവത്തായ ബന്ധമാണ്. ഒരോ ദിവസവും അഞ്ച് തവണ അത് ആവർത്തിക്കപ്പെടുന്നു.

**9–** റമദ്വാൻ അവസാനിച്ചാലും അതിൽ നാം  നേടിയെടുത്ത സമാധാനവും ഇബാദത്തുകൾക്കുള്ള താൽപര്യവും അതിന് ശേഷവും സൽകർമങ്ങൾ പ്രവർത്തിച്ചു കൊണ്ട് നാം നിലനിർത്തേണ്ടതുണ്ട്. കാരണം, റമദ്വാനിലെ റബ്ബ് തന്നെയാണ് ശവ്വാലിലെയും, മറ്റ് മാസങ്ങളിലെയും റബ്ബ്.

അല്ലാഹു അവൻ തൃപ്തിപ്പെടുന്ന രൂപത്തിൽ റമദ്വാനിൽ നോമ്പനുഷ്ഠിക്കാനും, നിന്ന് നിസ്കരിക്കാനും തൗഫീഖ് നൽകട്ടെ. അവൻ നമ്മുടെ ഹൃദയങ്ങളും, പ്രവർത്തനങ്ങളും, വാക്കുകളും നന്നാക്കുമാറാകട്ടെ. ആമീൻ

**وصلى الله وسلم وبارك على عبده ورسوله نبينا محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين.**